## 4-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ പരിശോധിക്കേണ്ട വിഷയങ്ങളുടെ (Terms of reference) മലയാള വിവർത്തനം

1. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ധനകാര്യ സ്ഥിതി അവലോകനം ചെയ്തു കൊണ്ട്:

(എ) ധനകാര്യ കമ്മീഷൻ താഴെ പ്രതിപാദിക്കുന്ന കാര്യങ്ങളെക്കുറിച്ച് ശുപാർശ നടത്തുന്നതായിരിക്കും:

1. ഭരണഘടനയുടെ ഭാഗം IX-ഉം ഭാഗം IX-A ഉം പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി, തീരുവ, ചുങ്കം എന്നിവയുടെ തനിതുക (net proceeds) പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികൾ, സംസ്ഥാനം എന്നിവയ്ക്ക് വിഭജിച്ച് വിതരണം ചെയ്യുകയും മുനിസിപ്പാലിറ്റികൾക്കും എല്ലാ തലത്തിലുള്ള പഞ്ചായത്തുകൾക്കും അനുവദനീയമായ വരുമാനത്തിന്റെ ഭാഗം അവരവർക്ക് വീതിച്ചു നൽകലും.
2. പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും ചുമതലപ്പെടുത്താവുന്ന വിവിധതരം നികുതി, തീരുവ, ചുങ്കം എന്നിവയുടെ നിർണ്ണയം.
3. സംസ്ഥാനത്തിന്റെ സമാഹൃത ഫണ്ടിൽ നിന്ന് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഉള്ള ധന സഹായം (Grant-in-aid).

(ബി) താഴെ പറയുന്നവയ്ക്ക് പ്രത്യേക പരിഗണന നല്കിക്കൊണ്ട് മുനിസിപ്പാലിറ്റികളുടെയും പഞ്ചായത്തുകളുടെയും ധനകാര്യ സ്ഥിതി ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ.

1. വിപണിയിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കുന്നതിനുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ശേഷിയും ഇത്തരം ശേഷി നേടിയെടുക്കുന്നതിനുള്ള ഒരു രൂപരേഖ നിർദ്ദേശിക്കലും.
2. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായിട്ടുള്ളതും കൈമാറികിട്ടിയിട്ടുള്ളതുമായ ആസ്തികളുടെ സംരക്ഷണ നിലവാരം മെച്ചപ്പെടുത്തുന്നതിന്.
3. തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിലവിൽ പിരിച്ചെടുത്തുകൊണ്ടിരിക്കുന്ന നികുതിയും വരുമാനങ്ങളും യുക്തിസഹമാക്കുക.
4. തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടത്തുന്ന ചെലവുകളിൽ കാര്യക്ഷമതയും മിതവ്യയവും (economy) കൈവരിക്കുക.
5. ഉയർന്ന തോതിൽ തനതായ വിഭവ സമാഹരണം നടത്തുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുക.
6. തദ്ദേശ ഭരണ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന ശരിയായ സാമ്പത്തിക വിവര കണക്കുകൾ സൂക്ഷിക്കുക.
7. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ നിലവിൽ വരുത്തുക.
8. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രവർത്തനം monitor ചെയ്യുന്ന രീതികൾ മെച്ചപ്പെടുത്തുക.

(സി) സം സ്ഥാനത്തെ വികേന്ദ്രീകരണ നടപടികൾ വ്യവസ്ഥാപിതമാക്കുന്നതിനാവശ്യമായ നടപടികൾ.

2. കഴിഞ്ഞ മൂന്ന് സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശുപാർശകൾ പുനഃസന്ദർശിക്കാവുന്നതും അവയിൽ സർക്കാർ അംഗീകരിച്ചതും എന്നാൽ നടപ്പിലാക്കുവാൻ കഴിയാത്തതുമായ ശുപാർശകളുടെ മേൽ ഉചിതമായ നിർദ്ദേശങ്ങൾ നൽകാവുന്നതുമാണ്.